**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **05.12.2018-ൽ മറുപടിക്ക്**
നമ്പർ.1987

**സർവ്വകലാശാലകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി**

**ചോദ്യം** **ഉത്തരം**

**ശ്രീ. എൻ. ഷംസുദ്ദീൻ** **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പൊതുഭരണവകുപ്പിൽ നിന്നും 10.8.2018-ൽ പുറപ്പെടുവിച്ച AdvC3/149/18/P&A R D സർക്കുലർ പ്രകാരം 1.9.2018-ന് മുൻപായി വിവിധ വകുപ്പുകളിലെ മുൻകൂർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിരുന്നതനുസരിച്ച് എല്ലാ വകുപ്പ് മേധാവികളും മുൻകൂർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ; | (എ) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റിവ് വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ പരിശോധന നടത്തി വരുന്നു. |
| (ബി) | കേരള,എം.ജി,കാലിക്കറ്റ് എന്നീ സർവ്വകലാശാലകളിലെ ഒഴിവുകൾ പ്രസ്തുത തീയതിക്ക് മുൻപായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കണ്ണൂർ സർവ്വകലാശാല, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും 2019 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട്. ചെയ്തിട്ടുണ്ട്. മറ്റ് സർവ്വകലാശാലകൾ പ്രതീക്ഷിത ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട സർവ്വകലാശാല അധികാരികൾക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (സി) | ഇക്കാര്യത്തിൽ എല്ലാ ഭരണ വകുപ്പുകൾക്കും സർവ്വകലാശാലകൾക്കും വീണ്ടും നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ